# KSRTC കമ്പ്യൂട്ടർ സെക്ഷനിൽ വൻ അഴിമതി – KSRTC Blog എക്സ്ക്ലൂസീവ്

**KSRTC** യിലെ കമ്പ്യൂട്ടർവൽക്കരണത്തെക്കുറിച്ചുള്ള ടീം **KSRTC** ബ്ലോഗിന്റെ അന്വേഷണ പരമ്പര ഇന്നു മുതൽ ആരംഭിക്കുന്നു.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽകരണം എന്ന വിപ്ലവകരമായ ആശയം കെ എസ് ആർ ടി സിയിൽ തുടങ്ങിയ സ്ഥലത്ത് തന്നെ നിൽക്കുന്നു. കേരളത്തിലെ ഓരോ മുറുക്കാൻ കടകൾ വരെ കമ്പ്യൂട്ടറൈസ്ഡ് ആയ ഈ കാലത്ത് KSRTC ഡിപ്പോകളിൽ ഇപ്പോഴും എഴുത്തുകുത്തുകൾ തന്നെ. പ്രഗത്ഭരായ അനേകം മന്ത്രിമാരും മേധാവികളും വന്നു പോയെങ്കിലും KSRTC യിൽ ഇപ്പോഴും കമ്പ്യൂട്ടറൈസേഷൻ എവിടേയും എത്തിയിട്ടില്ല.

വിചിത്രമായ കൊള്ളയാണ് KSRTC യുടെ കമ്പ്യൂട്ടർ ഡിപ്പാർട്മെന്റായ EDPC യിൽ നടന്നിരിക്കുന്നത്. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി വിഭാവനം ചെയ്ത പരിപാടികൾക്ക് സോഫ്റ്റ്വെയറുകൾ ലഭിക്കുന്നതിനു മുൻപ് തന്നെ അനാവശ്യമായ കമ്മീഷനുകൾക്കും സ്വാർത്ഥ ലാഭങ്ങൾക്കുമായി കോടികൾ വിലവരുന്ന കമ്പ്യൂട്ടറുകളും സെർവറുകളുമൊക്കെ വാങ്ങികൂട്ടി. ETM (Electronic Ticket Machines) ഇംപ്ലിമെന്റ് ചെയ്ത് എന്ന് അവകാശപ്പെടുന്ന KSRTC ക്ക് ഇതിൽ നിന്നും എന്ത് അധിക വരുമാനം/ഗുണങ്ങൾ ലഭിക്കുന്നു എന്ന് മനസ്സിലാകുന്നില്ല. സാധനങ്ങൾ വാങ്ങികൂട്ടുന്നതിനോടൊപ്പം തന്നെ ധൃതിപിടിച്ച് കമ്പ്യൂട്ടർവൽക്കരണത്തിന് എന്നും പറഞ്ഞ് തസ്തികകളും സൃഷ്ടിച്ചു. സോഫ്റ്റ്വെയറുകളുടെ മേൽനോട്ടത്തിനായി MCA/BTech ബിരുദധാരികൾക്കായി സീനിയർ പ്രോഗ്രാമർ എന്ന തസ്തികയും, ഹാർഡ്വെയറുകളുടെ മേൽനോട്ടത്തിനായി മൂന്നു വർഷത്തെ കമ്പ്യൂട്ടർ ഹാർഡ്വെയർ ഡിപ്ലോമാ ഉള്ളവർക്കായി ഹാർഡ്വെയർ സൂപ്പർവൈസർ എന്ന തസ്തികയും ഉണ്ടാക്കി.

എന്നാൽ സ്വാധീനവും പങ്കുവെക്കലും ഒക്കെ കഴിഞ്ഞപ്പോൾ L.L.B ക്കാരൻ സീനിയർ പ്രോഗ്രാമറും SSLC ക്കാരൻ ഹാർഡ്വെയർ സൂപ്പർവൈസറുമായി. നേരത്തേ സീനിയർ പ്രോഗ്രാമർ തസ്തികയിൽ ഉണ്ടായിരുന്ന ആൾ കാലാവധി കഴിഞ്ഞ് പിരിഞ്ഞു പോയിട്ട് ഇപ്പോൾ ഒരു വർഷത്തിലധികമായി. നാളിതുവരെ ഒരു യോഗ്യതയുള്ള സീനിയർ പ്രോഗ്രാമ്മറെ നിയമിക്കുവാൻ അവിടെ ആർക്കും കഴിഞ്ഞിട്ടില്ല. പകരം എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) ചുമതലയുള്ളയാൾക്ക് സീനിയർ പ്രോഗ്രാമ്മറിന്റെ ചുമതല കൂടി നൽകിയിരിക്കുന്നു. ഈ കൊച്ചുകേരളത്തിലെന്താ ഒരു കമ്പ്യൂട്ടർ പ്രോഗ്രാമ്മറിനെ കിട്ടാനില്ലായിരിക്കും അല്ലേ? എന്നാൽ നിരന്തരമായ ഈ അക്ഷേപങ്ങൾക്കൊടുവിൽ യോഗ്യത അനുസരിച്ചുള്ള ഒരാളെ സീനിയർ പ്രോഗ്രാമ്മർ തസ്തികയിലേക്ക് നിയമിക്കുവാൻ കഴിഞ്ഞ ദിവസം ഒഫീഷ്യൽ വെബ്സൈറ്റിൽ അപേക്ഷ ക്ഷണിച്ചിരുന്നത് കാണാനിടയായി. അതും ഇനി ഇത്തരത്തിൽ അട്ടിമറിക്കപ്പെടില്ല എന്ന് നമുക്ക് സമാധാനിക്കാം.

ആവശ്യത്തിനും അനാവശ്യത്തിനും കൊടിപിടിക്കുന്ന ജീവനക്കാരുടെ സംഘടനകൾ ഇതൊന്നും അറിഞ്ഞില്ലെന്നാണോ?

**തുടരും**

അടുത്ത ദിവസം:

1) ബത്തേരി ഡിപ്പോയിലെ അഴിമതി കേസിന്റെ തെളിവായിരുന്ന ഹാർഡ് ഡിസ്ക് കമ്പ്യൂട്ടർ സെക്ഷനിൽ നിനും മുക്കി
2) 70 ലക്ഷം വിലവരുന്ന കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ പൂഴ്ത്തി വെച്ചിരുന്നത് കണ്ടെത്തി.

**Stay Tuned for more exclusives from Team KSRTC Blog**

**www.ksrtcblog.com – Everything About KSRTC**